

# അമീബ

▸ വി.കെ അബ്ദുൽ ജബ്ബാർ, ചേന്ദമംഗലം

റെയ്ഡ് നടത്തി പിടിച്ചെടുത്ത
മുഴുവൻ പുസ്തകങ്ങളും
അഗ്നിക്കിരയാക്കിയ സമാധാനത്തിൽ
അധികാരി മീശ താഴ്ത്തി
സുഖമായുറങ്ങി.
പക്ഷേ, പിറ്റേന്ന് രാവിലെ
തലേ രാത്രി കത്തിച്ച
പുസ്തകങ്ങളിലെ
ഓരോ അക്ഷരവും
ഓരോ പുസ്തകമായി
തെരുവു നിറഞ്ഞു .

# കവിത

▸ നജൂല റഷീദ്

പൂങ്കാവനത്തിലെ ഇരിപ്പിടം
പൂക്കൾ പൂമ്പാറ്റകൾ
മുന്നിൽ ഒഴുകുന്ന അരുവിയോടൊപ്പം
മനസ്സിൽ ഒരു കവിതയും.
പേന തപ്പി, കാണുന്നില്ല.
കടലാസ് നോക്കി കിട്ടിയില്ല.
ഒടുവിൽ രണ്ടും കളഞ്ഞുകിട്ടിയപ്പോൾ
പക്ഷെ കവിത
തെളിനീരരുവിയിൽ
എങ്ങോ ഒഴുകിപ്പോയി...

# നിർവചനങ്ങൾ

▸ അബ്ദുൽ ഹമീദ്, ചങ്ങരംകുളം

**സന്തോഷം**
കൊട്ടാര ജാലകത്തിലൂടെ
കുടിലിൽ കാണുന്നത്.

**മൗനം**
വൃദ്ധസദനങ്ങളിൽ
തളച്ചിട്ടിരിക്കുന്നത്.

**സ്നേഹം**
കഞ്ഞിവെള്ളം അച്ഛനും അമ്മയുമെടുത്ത്, വറ്റ്
മക്കൾക്ക് നൽകുന്നത്.

Vol. No: 70 Issue No. 45 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla